**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1718** **05-07-2022 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽവരുന്നതോടെ കേരളാ/കാലിക്കറ്റ് / മഹാത്മാഗാന്ധി/ കണ്ണൂർ സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ നടത്തരുത് എന്ന ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥ കേരളത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കോഴ്സുകൾ ആരംഭിക്കുന്നതോടെ കേരളത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കുള്ള സാധ്യത വർദ്ധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (ബി) | ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കോഴ്സുകൾ നടത്താനുള്ള യു.ജി.സി. യുടെ അംഗീകാരം ഇനിയും ലഭിച്ചിട്ടില്ല എന്നതിനാൽ കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമാകുന്ന ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ ചട്ടം 47 (2) ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021 ൽ തന്നെ 2(f) ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കുവാനുള്ള അനുമതി UGC യിൽ നിന്നും ലഭിച്ചിട്ടുണ്ട്. (Order F No.9-17/2020 (CPP-1/PU)). 12 UG കോഴ്സുകളും 5 PG കോഴ്സുകളും ഈ വർഷം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം UGC അനുമതി ആവശ്യമാണ്. ഇതിനു വേണ്ട രേഖകൾ മുഴുവൻ UGC ക്കു സമർപ്പിച്ചിട്ടുണ്ട്. UGC അനുമതി കിട്ടിയാൽ 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേക്ക് പ്രവേശനം നടത്താൻ കഴിയും. |
| (സി) | കേരളത്തിൽ സ്വകാര്യമേഖലയിൽ സർവ്വകലാശാലകൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ ചട്ടം 47 (2) അത്തരം സർവ്വകലാശാലകൾക്കും ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | കേരളത്തിൽ സ്വകാര്യമേഖലയിൽ സർവ്വകലാശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ